No. CEE/4848/2013/KEAM-2014/TA1


**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**


# വിജ്ഞാപനം

## 2014 ലെ എഞ്ചിനീയറിംഗ് /ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാ പരീക്ഷയുടെ മാർക്ക് പ്രസിദ്ധപ്പെടുത്തി

2014 ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേക്ക് വിദ്യാർത്ഥികൾ ഓൺലൈനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **20.05.2014** മുതൽ **06.06.2014** വരെ അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ (ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് NATA സ്കോർ ഉൾപ്പെടെ) സമർപ്പിക്കുവാനും സ്വയം സാക്ഷ്യപ്പെടുത്തിയ 'മാർക്ക് സബ്മിഷൻ ഡാറ്റ'യുടെ പ്രിന്റൗട്ടും രണ്ടാം വർഷ യോഗ്യതാ പരീക്ഷ (പ്ലസ് ടു) യുടെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും (ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് NATA സ്കോർ കാർഡ് ഉൾപ്പെടെ) **06.06.2014** നു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.

അപ്രകാരം മാർക്കു വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുകയും നിർദ്ദിഷ്ട രേഖകൾ സമയപരിധിക്കുള്ളിൽ തന്നെ നൽകുകയും ചെയ്തവരുടെ മാർക്ക് വിവരങ്ങൾ പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അപേക്ഷാർത്ഥികൾ അവരുടെ **റോൾ നമ്പരും, ആപ്ലിക്കേഷൻ നമ്പരും, കീ നമ്പരും നൽകി** അവരുടെ ഹോം പേജിൽ പ്രവേശിച്ച് മാർക്ക് വിവരങ്ങൾ, പഠിച്ച ബോർഡ്, പാസ്സായ വർഷം, രജിസ്റ്റർ നമ്പർ (ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് NATA സ്കോർ ഉൾപ്പെടെ) എന്നിവ പരിശോധിക്കേണ്ടതും എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ '**മാർക്ക് സബ്മിഷൻ ഡിക്ലറേഷൻ**' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ ദൃശ്യമാകുന്ന പ്രൊഫോർമയുടെ പ്രിന്റൗട്ടെടുത്ത് ശരിയായ വിവരം രേഖപ്പെടുത്തി മാർക്ക്ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അടക്കം (ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് NATA സ്കോർ കാർഡ് ഉൾപ്പെടെ) **09.06.2014, 5 മണിക്ക്** മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കേണ്ടതാണ്. **09.06.2014** നുശേഷം മാർക്കിലുള്ള വ്യത്യാസം സമർപ്പിക്കാനവസരമുണ്ടായിരിക്കുന്നതല്ല. എഞ്ചിനീയറിംഗിനും ആർക്കിടെക്ചറിനും സമർപ്പിച്ച മാർക്കുകളിൽ വ്യത്യാസം കാണുന്ന പക്ഷം രണ്ടിനും വെവ്വേറെ '**മാർക്ക് സബ്മിഷൻ ഡിക്ലറേഷൻ**' പ്രഫോർമയും, മാർക്ക് ലിസ്റ്റുകളുടെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞതുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകളും **09.06.2014** ന് **വൈകുന്നേരം 5 മണിക്ക്** മുൻപായി **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ (സ്പീഡ് പോസ്റ്റ്/രജിസ്റ്റേർഡ് പോസ്റ്റ്) ലഭിച്ചിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

06.06.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**